LIBRARY ARCHIVES Kerala Legislative Assembly

(5) കൊടകര നിയോജകമണ്ഡലത്തിലെ കുറുമാലിപ്പുഴ ഗതിമാറി ഒഴുകുന്നതിനുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചിമ്മിനി ഡാമിൽനിന്നും കൃഷി ആവശ്യത്തിനായി വെള്ളം തുറന്നു വിടുന്ന കുറുമാലിപ്പുഴ ഈ വർഷാരംഭത്തിൽ ഗതി മാറി ഒഴുകി പുഴയോരത്തെ കൃഷിസ്ഥലങ്ങളിൽ വമ്പിച്ച നാശനഷ്ടങ്ങളുണ്ടാക്കുകയുണ്ടായി. തോട്ടമുഖം പ്രദേശത്തെ ബണ്ടാണ് ഇതിന് കാരണമായിട്ട് കാണുന്നത്. അവിടെ കുടിവെള്ളം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് വർക്ക് ചെയ്യാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടായി. വേനൽക്കാലം ആരംഭിക്കുമ്പോൾ 5 താത്ക്കാലിക ബണ്ടുകളുണ്ടാക്കി വെള്ളം തടഞ്ഞു നിർത്തുകയാണ് ചെയ്യുന്നത്. ഈ ബണ്ട് നിർമ്മിക്കുന്നതിന് ഏകദേശം 15 ലക്ഷത്തോളം രൂപ എല്ലാ കൊല്ലവും ചെലവഴിക്കുന്നുണ്ട്. ഈ പാഴ്ച്ചെലവ് ഒഴിവാക്കണമെന്നും സ്ഥിരം ബണ്ട് നിർമ്മിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കുറുമാലിപ്പുഴയിലെ തോട്ടുമുഖത്ത് 22-6-2003-ൽ അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പാച്ചിലിൽ ഇടതുകരയും സ്ലൂയിസുമിടിഞ്ഞ് പുഴയ്ക്ക് വീതി കൂടി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കുറുമാലിപ്പുഴയിൽ കാരുകുളം, കത്തേറ്റുപാടം, തോട്ടുമുഖം, വാസുപുരം, കാനത്തോട് എന്നിങ്ങനെ 5 താൽക്കാലിക ചിറകളുണ്ട്. 30 വർഷമായി താൽക്കാലിക ബണ്ട് നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്തി വേനൽക്കാലത്ത് കൃഷിക്കും കുടിവെള്ളത്തിനുമായി വരന്തരപ്പിള്ളി, അളഗപ്പനഗർ, പുതുക്കാട് എന്നീ പഞ്ചായത്തുകളിൽ ഈ ജലം ഉപയോഗിച്ചുവരുന്നു. പുഴയിൽ അവശേഷിക്കുന്ന താൽക്കാലിക ബണ്ട് നീക്കം ചെയ്ത് പുഴയുടെ ഒഴുക്ക് പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ മൺചിറ നിർമ്മിച്ച് കുടിവെള്ളം പമ്പ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ആറ്റുപള്ളിയിൽ റെഗുലേറ്റർ നിർമ്മിച്ച് കത്തേറ്റുപാടം, കാരുകുളം, തോട്ടുമുഖം, വാസുപുരം എന്നിവിടങ്ങളിലെ താൽക്കാലിക ചിറകൾ ഒഴിവാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആറ്റുപള്ളിയിൽ പാലത്തോടുകൂടി റെഗുലേറ്റർ നിർമ്മിക്കുന്നതിനുമുള്ള പ്രാഥമികാന്വേഷണം കഴിഞ്ഞ്, എസ്റ്റിമേറ്റ് നബാർഡിന് സമർപ്പിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. നബാർഡിന്റെ അസിസ്റ്റൻസോടുകൂടി അത് ഏറ്റെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(6) തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ പുതുക്കിപ്പണിയാൻ നടപടി

ഡോ. കെ. സി. ജോസഫ് : സർ, കേരളത്തിലെ പ്രധാനപ്പെട്ട അവസാനത്തെ നെൽകൃഷിമേഖലയാണ് കുട്ടനാട്. അവിടത്തെ പ്രധാനപ്പെട്ട കൃഷി സീസനാണ് പുഞ്ചക്കൃഷി ഈ സീസണിൽ പലപ്പോഴും വൃശ്ചിക വേലിയേറ്റം കഴിഞ്ഞ് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന ഒരു സ്ഥിതിയുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി ബണ്ട് പൂർണ്ണമായും അടയ്ക്കാതിരിക്കുന്നതുകൊണ്ട് കായൽ മേഖലയിലെ കൃഷിക്കാർ കൃഷിനാശത്തെ നേരിടേണ്ടിവരുന്നു. തണ്ണീർമുക്കം ബണ്ടിലെ ഏതാണ്ട് എട്ടോളം ഷട്ടറുകൾ ഇപ്പോഴും

കേടായിക്കിടക്കുകയാണ്. ലോക്കുകൾ പ്രവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ കൃഷി നശിക്കാത്ത വിധം ഉപ്പുവെള്ളത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനാവശ്യമായി ഷട്ടറുകളുടെ മെയിന്റനൻസ് നടത്തുന്നതിനും അടയ്ക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സബ് പൂർണ്ണമായും അടച്ച് കൃഷി സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഗവൺമെന്റ് സജീവമായിട്ട് പരിഗണിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. തണ്ണീർമുക്കം ബണ്ടിന് 62 ഷട്ടറുകളും, 20 അടി, 30 അടി, 40 അടി വീതിയുള്ള 3 നാവിഗേഷൻ ലോക്കുകളും ഉണ്ട്. ഈ 62 ഷട്ടറുകളിൽ 54 എണ്ണം പുതുക്കിപ്പണിതുകഴിഞ്ഞു. ഇനി 8 ഷട്ടറുകളുടെ പണി നടക്കാനുണ്ട്. അത് ഈ ഡിസംബറോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 20 അടി ലോക്കും 30 അടി ലോക്കും അടയ്ക്കുന്നതിനുള്ള ഷട്ടർ കാലപ്പഴക്കംമൂലം ദ്രവിച്ചുപോയിട്ടുണ്ട്. അവ മാറ്റേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു. 40 അടി ലോക്കിനും അറ്റകുറ്റപ്പണി ആവശ്യമുണ്ട്. അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് വഹിക്കുന്നത് Inland Water Ways Authority of India എന്ന സ്ഥാപനമാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണ് വരുന്നത്. അവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതും തുറക്കുന്നതും സംബന്ധിച്ച സമയക്രമീകരണം നിശ്ചയിക്കുന്നത് ആലപ്പുഴ കളക്ടർ ചെയർമാനായ സമിതിയാണ്. അത് തർക്കമില്ലാത്ത നിലയിൽ അടയ്ക്കുന്നതിനും തുറക്കുന്നതിനുമുള്ള നിർദ്ദേശം ഈ പ്രാവശ്യം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(7) ആയുർവ്വേദ വകുപ്പിലെ ഫാർമസിസ്റ്റുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. അടൂർ പ്രകാശ് : സർ, ആയുർവ്വേദ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ആളുകളുടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ വകുപ്പിൽ ഫാർമസിസ്റ്റ് എന്ന തസ്തികയിൽ ജോലിക്ക് പ്രവേശിക്കുന്ന ആളുകൾക്ക് പത്ത് വർഷം, പതിനെട്ട് വർഷം, ഇരുപത്തിമൂന്ന് വർഷം കൂടുമ്പോഴാണ് ഓരോ ഗ്രേഡ് കൊടുക്കുന്നത്. അവരുടെ ആവശ്യം എന്നുപറയുന്നത്, 18 വർഷം പൂർത്തീകരിക്കുമ്പോൾ ഹയർ ഗ്രേഡ് പ്രൊമോഷനോടൊപ്പം തസ്തികയുടെ പേരിൽ ഒരു ചെയ്ഞ്ച് ഉണ്ടാകണമെന്നുള്ളതാണ്. ആതായത് സ്റ്റോർകീപ്പർ ഫാർമസിസ്റ്റ് എന്നാക്കി മാറ്റണമെന്നുള്ള ആവശ്യമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അധിക സാമ്പത്തിക ബാദ്ധ്യതയൊന്നും ഇല്ലാത്തതാണ്. ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും അനുകൂലമായ മറുപടി പ്രതീക്ഷിക്കുകയാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly